പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**മാവോയിസ്റ്റ് സാന്നിദ്ധ്യം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 4 — 09.06.2014-ൽ മറുപടിക്ക്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. എം. ഹംസ<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. ബി.ഡി. ദേവസ്സി | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ മലയോര മേഖലകളിൽ മാവോയിസ്റ്റ് ഭീഷണി നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സംസ്ഥാനത്തിന്റെ വടക്കൻ മേഖലയിൽ പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ വനപ്രദേശങ്ങളിലും വനത്തിനോടടുത്ത പ്രദേശങ്ങളിലും, മറ്റ് സമീപപ്രദേശങ്ങളിലും മാവോയിസ്റ്റ് സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) മാവോയിസ്റ്റ് സാന്നിദ്ധ്യവും ഭീതിയും പടരുമ്പോൾ ഇതിനെതിരെ പോലീസ് സംവിധാനം നിഷ്ക്രിയമായിരിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അന്വേഷണം നടത്തി കാരണം വെളിപ്പെടുത്തുമോ; | (ബി) ഇത്തരത്തിലുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഇതിനകം മാവോയിസ്റ്റ് സാന്നിദ്ധ്യവും ഭീഷണിയും ഉണ്ടായ പ്രദേശങ്ങൾ ഏതൊക്കെയാണ്; ഇത്തരം സ്ഥലങ്ങളിൽ ജനങ്ങൾക്ക് സുരക്ഷ ഏർപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ; | (സി) സംസ്ഥാനത്തിന്റെ വടക്കൻ മേഖലയിൽ പാലക്കാട്,മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളിൽ മുഖ്യമായും വനപ്രദേശങ്ങളിലും, വനത്തിനോടടുത്ത ചില പ്രദേശങ്ങളിലും ആണ് മാവോയിസ്റ്റുകളെ കണ്ടിട്ടുള്ളത്. ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് പ്രത്യേക പരിശീലനം ലഭിച്ച കമാണ്ടോകൾ ഉൾപ്പെടെ ഉള്ളവരുടെ സേവനം ഉപയോഗിച്ച് വരുന്നു. |
| (ഡി) സർക്കാരിന് ഇതു സംബന്ധിച്ച് ഇന്റലിജൻസ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെയടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (ഡി) സർക്കാരിന് ഇതു സംബന്ധിച്ച് ഇന്റലിജൻസ് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സമയോചിതമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല. |

സെക്ഷൻ ഓഫീസർ